"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ് -ഭാരതീയ ചികിത്സാവകുപ്പ് -പത്തനംതിട്ട ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി രാജി.ആർ-ന് കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയുഷ് (എ) വകുപ്പ്

**സ.ഉ.(കൈ) നം.34/2020/AYUSH** തീയതി, തിരുവനന്തപുരം, 14/08/2020

പരാമർശം:- 1 02.12.1991-ലെ ജി.ഒ.(പി)36/91/P&ARD

2 ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 29.01.2020ലെ ഇ2-79718/2020 നം.കത്ത്.

3 കൊല്ലം ജില്ലാ കളക്ടറുടെ 10.06.2020 ലെ DCKLM/5276/2020-M6 നം.കത്ത്.

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ കല്ലേലി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ആയ ശ്രീമതി ശ്രീമതി രാജി. ആർ., പത്തനംതിട്ട ജില്ലയിൽ 5 വർഷസേവനം പൂർത്തീകരിച്ചിട്ടില്ലായെന്നും ടിയാളുടെ ഓട്ടിസം ബാധിച്ച കുട്ടിയുടെ സംരക്ഷണം കണക്കിലെടുത്താണ് അന്തർ ജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുള്ളതെന്നും ആയതിനാൽ മാനുഷിക പരിഗണന കണക്കിലെടുത്ത് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ടിയാൾക്ക് കൊല്ലം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന കാര്യം സർക്കാർ തലത്തിൽ ഉത്തരവാകണമെന്നും പരാമർശം-2 പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

2. ശ്രീമതി.രാജി.ആർ., നിലവിൽ പത്തനംതിട്ട ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിൽ കീഴിലുള്ള കല്ലേലി ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമിസ്റ്റ് ഗ്രേഡ്- 2 ആയി 4 1/2 വർഷമായി ജോലി നോക്കി വരികയാണെന്നും ടിയാളുടെ മൂത്തമകൻ 8 വയസ്സുള്ള ആദിദേവ് ഓട്ടിസം ബാധിച്ച് ചികിത്സയിലാണെന്നും നിലവിൽ അസുഖ ബാധിതനായ കുട്ടിയുടെ ചികിത്സ കാര്യങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണെന്നും കുട്ടിയുടെ പരിചരണത്തിനായി മാതാവിന്റെ സാമീപ്യം അനിവാര്യമാണെന്നതിനാൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ അപേക്ഷക അന്തർജില്ലാസ്ഥലംമാറ്റത്തിന് യോഗ്യയാണെന്നും കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ കല്ലേലി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 ആയ ശ്രീമതി രാജി.ആർ.ന് മാനുഷിക പരിഗണന നൽകി നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ച് പത്തനംതിട്ട ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷർമിള മേരി ജോസഫ്**
സെക്രട്ടറി

പകർപ്പ് ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ്, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ(ഐ.എസ്.എം.), കൊല്ലം/പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം

പൊതുഭരണ(എസ്.സി) വകുപ്പ്.
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-08-2020

ഫയൽ നം. എ1/363/2019-ആയുഷ്. ഇനം നം: 4154

വിഷയം : ആയുഷ് വകുപ്പ് - ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീമതി. രാജി. ആർ-ന് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആയുഷ് വകുപ്പ്.

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 1/ 363/ 2019- ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീമതി രാജി.ആർ ന് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്- സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31.07.2020 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | ഇല്ല |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല<br>ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ.വി. |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ. ശർമിള മേരി ജോസഫ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.08.2020 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.08.2020 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി കെ.കെ. ശൈലജ ടീച്ചർ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 06 .08.2020 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.08.2020 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പത്തനംതിട്ട ജില്ലയിലെ കല്ലേലി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ്ഗ്രേഡ്II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി രാജി. ആർ-ന് പത്തനംതിട്ട ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ശ്രീമതി രാജി. ആർ- പത്തനംതിട്ട ജില്ലയിൽ 5 വർഷ സേവനം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ ടിയാളുടെ ഓട്ടിസം ബാധിച്ച കുട്ടിയുടെ സംരക്ഷണം കണക്കിലെടുത്താണ് അന്തർ ജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുള്ളതെന്നും ആയതിനാൽ മാനുഷിക പരിഗണന കണക്കിലെടുത്ത് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു നൽകി ടിയാൾക്ക് കൊല്ലം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന കാര്യം സർക്കാർ തലത്തിൽ ഉത്തരവാകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട് .

3. 02.12.1991- ലെ ജി.ഒ.(പി) 36/91/P&ARD ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം മാനുഷിക പരിഗണന അർഹിക്കുന്ന കേസുകളിൽ അഞ്ചുവർഷത്തെ സേവന വ്യവസ്ഥയിൽ ഇളവ് വരുത്തണമെങ്കിൽ മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്. അതും സ്ഥലംമാറ്റത്തിനുള്ള ആവശ്യകത വ്യക്തമാക്കിക്കൊണ്ടുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സമർപ്പിക്കേണ്ടത്.

4. ശ്രീമതി രാജി. നിലവിൽ പത്തനംതിട്ട ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിൽ കീഴിലുള്ള കല്ലേലി ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമിസ്റ്റ് ഗ്രേഡ്- 2 ആയി 4 1/2 വർഷമായി ജോലി നോക്കി വരികയാണെന്നും ടിയാളുടെ മൂത്തമകൻ 8 വയസ്സുള്ള ആദിദേവ് ഓട്ടിസം ബാധിച്ച് ചികിത്സയിലാണെന്നും നിലവിൽ അസുഖ ബാധിതനായ കുട്ടിയുടെ ചികിത്സ കാര്യങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണെന്നും കുട്ടിയുടെ പരിചരണത്തിനായി മാതാവിന്റെ സാമീപ്യം അനിവാര്യമാണെന്നു കാണുന്നു എന്നും കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ശ്രീമതി രാജി. ആർ-ന് മാനുഷിക പരിഗണന നൽകി നിലവിലുള്ള വ്യവസ്ഥകൾക്ക് ഇളവ് നൽകി പത്തനംതിട്ട ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതു സംബന്ധിച്ച് ഉത്തരവിനായി ഫയൽ

ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

തീരുമാനിക്കേണ്ട വിഷയം

പത്തനംതിട്ട ജില്ലയിലെ കല്ലേലി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ്ഗ്രേഡ്II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി രാജി. ആർ-ന് , 02.12.1991 സ.ഉ(പി)നം. 36/91/ P& ARD നം. ഉത്തരവിലെ ഖണ്ഡിക 5-ലെ വ്യവസ്ഥ പ്രകാരം മാനുഷിക പരിഗണന നൽകി അന്തർജില്ലാ സ്ഥലംമാറ്റത്തിന് അഞ്ചുവർഷം സേവനം പൂർത്തിയാക്കണമെന്ന നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, പത്തനംതിട്ട ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകാമോ?